**സിമ്പോസിയം**

# ഇന്ത്യയിലെ ശരീഅത്ത് നിയമം

**സി.എൻ അഹ്മദ് മൗലവി**

ചില ദിവസങ്ങൾക്ക് മുമ്പ്, വൈക്കം ബശീറിന്റെ വീട്ടിലിരുന്ന്, മുസ്‌ലിംസമുദായത്തിന്റെ ദീർഘദൃഷ്ടിയില്ലായ്മയെക്കുറിച്ച് പരിതപിച്ചുകൊണ്ട് ഞങ്ങൾ രണ്ടുപേരും സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദീർഘനേരത്തേ ആ സംസാരം അവസാനിപ്പിച്ച് യാത്ര പറയാൻ ഒരുങ്ങിയപ്പോൾ, ഒരു മുസ്‌ലിം പണ്ഡിതൻ അവിടെ വന്നെത്തി. ബശീറിന്റെ ഒരു പഴയ സുഹൃത്ത്. എനിക്ക് നേരിൽ പരിചയമില്ല. കേട്ടറിവുണ്ട്. സംസാരവിഷയം ഗ്രഹിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇന്ത്യയിലെ മുസ്‌ലിംകൾ ഹരിജനങ്ങളുടെ നിലവാരത്തിലേക്ക് താവാൻ പോവുകയാണ്'. അതിനുള്ള ന്യായമായ കാരണങ്ങളും അദ്ദേഹം നിരത്തിവെച്ചു. ഞാനിപ്പോൾ അതോർക്കുകയാണ്.

20-ാം നൂറ്റാണ്ട്. സാങ്കേതിക വിജ്ഞാനമോ അക്ഷരജ്ഞാനമെങ്കിലുമോ ഇല്ലാത്ത ഒരു സമുദായം. ആർക്കും ഏതു ജാലവിദ്യക്കാരനും അവരെ വല വീശിപ്പിടിക്കാം. അവസരത്തിനൊത്ത് അടവു മാറ്റിക്കൊണ്ടിരിക്കണമെന്നു മാത്രം. അങ്ങനെ എത്രയോ കൺകെട്ടുവിദ്യക്കാരുടെയും ജാലവിദ്യക്കാരുടെയും ഗൂഢതന്ത്രങ്ങളിൽ പെട്ട് ഈ സമുദായത്തിന്റെ ജീവൻ നശിച്ചുകഴിഞ്ഞു. ഇപ്പോൾ അവശേഷിച്ചിരിക്കുന്നത് ജഡം മാത്രം. ജീവൻ നശിച്ച ജഡം ഏറിയാൽ എത്ര നാൾ ഇരിക്കുമെന്ന് നമുക്കറിയാമല്ലോ.

ഇവർ പാവങ്ങളും അജ്ഞാനികളുമാണെന്ന് കണ്ടിട്ട്, ജാലവിദ്യക്കാർ വല തണ്ടക്കിട്ട് നിൽക്കുന്നത് കണ്ടപ്പോൾ, മുസ്‌ലിംസമുദായത്തിലെ ദീർഘദൃഷ്ടിയുള്ള പല ചിന്തകന്മാരും ബുദ്ധിമാന്മാരും നെഞ്ചത്ത് കൈവെച്ചുകൊണ്ട് സമുദായത്തിന് താക്കീത് നൽകി നോക്കി. പ്രതികരണമെന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. വഞ്ചകന്മാരും ഇസ്‌ലാമിന്റെ കഠിന ശത്രുക്കളുമായി അവരെ ഈ പാവങ്ങൾ സീലടിച്ചു പരിഹസിച്ചു വിട്ടു. ജാലവിദ്യക്കാർ ഇതുകണ്ട് കൈയടിച്ചു രസിച്ചുകൊണ്ടിരുന്നു. കുറേ നൂറ്റാണ്ടുകൾ, എല്ലാ തുറകളിലും ലോകത്തിന്റെ ആകമാനം നേതൃത്വം വഹിച്ച മുസ്‌ലിം സമുദായം ഇന്ന് ഈ ദുർഗതിയിലേക്ക് അധഃപതിച്ചു കഴിഞ്ഞത് അങ്ങനെയാണ്. അടുത്ത കാലത്ത് നടന്ന ചില ചരിത്ര സംഭവങ്ങളിലേക്ക് മാത്രം ഒന്നു തിരിഞ്ഞുനോക്കുക:

ഖുർആൻ അവതരിച്ചത് അക്ഷരജ്ഞാനം പോലുമില്ലാത്ത അറബി സമുദായത്തിൽ. പക്ഷേ വളരെ ചുരുങ്ങിയ കാലംകൊണ്ട് അതിന്റെ സ്വാധീനശക്തി, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വേരൂന്നി. വിജ്ഞാന സമ്പാദനത്തിനും ഭരണ വൈഭവത്തിനും ഉത്തമ മാതൃകകളായി ഉയർന്നു, ഖുർആന്റെ അനുയായികൾ. യൂറോപ്യന്മാർ അവരുടെയടുക്കൽ വന്നും അവരുടെ അറബി ഗ്രന്ഥങ്ങൾ വായിച്ചും ശാസ്ത്രജ്ഞാനം നേടിക്കൊണ്ടിരുന്നു. പല വിഷയങ്ങളിലും മുസ്‌ലിംകളെ അനുകരിക്കുന്നതിൽ അവർ അഭിമാനം കൊണ്ടിരുന്നു. അങ്ങനെ കുറേകാലം കഴിഞ്ഞപ്പോൾ, ലോക സമ്പ്രദായമനുസരിച്ച്, അവരെ അലസതയും ഭിന്നിപ്പും ബാധിച്ചു. ഗതി കീഴ്പ്പോട്ടായി. എന്നിരുന്നാലും ലോകത്തിലെ ഏറ്റവും വലിയ ഭരണകൂടം അവരുടേത് തന്നെയായിരുന്നു. ഏഷ്യയിലും ആഫ്രിക്കയിലുമായി, ഇന്നിക്കാണുന്ന അറബി രാഷ്ട്രങ്ങളെല്ലാം ഖിലാഫത്ത് ഭരണത്തിൻ കീഴിലായിരുന്നു. പക്ഷേ അവസാനം യൂറോപ്പിൽ–ഇസ്തംബൂളിൽ–തലസ്ഥാനമുറപ്പിച്ചിരുന്ന ഖിലാഫത്ത് സുഖനിദ്രയിലാണ്ടു. യൂറോപ്പിലെ അയൽരാഷ്ട്രങ്ങൾ ആധുനിക യുദ്ധോപകരണങ്ങൾ കണ്ടുപിടിക്കുന്നതിലും നിർമിക്കുന്നതിലും വ്യാപൃതരായി.

ഇങ്ങനെ ലോകത്താകമാനമുള്ള മുസ്‌ലിംസമുദായം നിദ്രയിലാണ്ട് ഇഞ്ചിഞ്ചായി മൃതിയടഞ്ഞുകൊണ്ടിരിക്കുന്നത് ലോക മഹാചിന്തകൻ, ജമാലുദ്ദീൻ അഫ്ഗാനി നോക്കിക്കണ്ടപ്പോൾ അതദ്ദേഹത്തെ അങ്ങേയറ്റം ദുഃഖിതനാക്കി. ലോകത്തിലെ പല മുസ്‌ലിം രാഷ്ട്രങ്ങളിലും ചെന്ന് അവിടത്തെ ബുദ്ധിജീവികളെ വിളിച്ചുവരുത്തി അവരുടെ മുമ്പിലുള്ള അനർഥങ്ങൾ ചൂണ്ടിക്കാട്ടാൻ തുടങ്ങി. ഇത് മണത്തറിഞ്ഞ ഭരണകൂടങ്ങളും അവരെ വിഴുങ്ങാൻ പ്ലാനിട്ടുകൊണ്ടിരുന്ന പാശ്ചാത്യ തന്ത്രജ്ഞന്മാരും അദ്ദേഹത്തെ വിട്ടില്ല. എവിടെ ചെന്നാലും അൽപദിവസം കഴിയുമ്പോഴേക്ക് നാടുവിടാൻ ആജ്ഞ. അവസാനം ഖിലാഫത്തിന്റെ കേന്ദ്രം ഇസ്തംബൂളിൽ ചെന്നുകൂടി. അവിടത്തെ ബുദ്ധിജീവികളെ വിളിച്ചുവരുത്തി കണ്ണു തുറപ്പിക്കാൻ തന്റെ അനിതരസാധാരണമായ വൈഭവം ഉപയോഗപ്പെടുത്താൻ തുടങ്ങി. ഖലീഫയുടെ മൂഢന്മാരായിരുന്ന ഉപദേഷ്ടാക്കളിൽ ഇത് സംഭ്രമം ജനിപ്പിച്ചു. അവർ അഫ്ഗാനിയെക്കുറിച്ച് ഖലീഫക്ക് താക്കീതു നൽകി. യൂറോപ്യൻ ശത്രു ഇങ്ങനെ ആധുനിക യുദ്ധോപകരണങ്ങൾ നിർമിച്ചുകൊണ്ടിരിക്കുമ്പോൾ നാം ഉറങ്ങിക്കിടക്കുന്നത് ആപത്കരമാണെന്ന്, അഫ്ഗാനിയുടെ ഉദ്ബോധനങ്ങൾ ഗ്രഹിച്ച തുർക്കിയുവാക്കൾ ഖലീഫയെ ഉണർത്തി. ഇസ്‌ലാംമത വിധിയനുസരിച്ച് ഭരണം നടത്തേണ്ട ആളല്ലോ. ഗ്രാന്റ് മുഫ്തിയോട് ഖലീഫ ഉപദേശം തേടി. നബിയും സ്വഹാബികളും വാളും കുന്തവും ഉപയോഗിച്ചേ യുദ്ധം ചെയ്തിരുന്നുള്ളൂ, അതുകൊണ്ട് ഇന്നത്തെ ഈ യുദ്ധോപകരണങ്ങൾ നിർമിക്കുന്നത് ബിദ്അത്താണ് എന്നായിരുന്നു ഗ്രാന്റ് മുഫ്തിയുടെ ഫത്‌വ. സർ സയ്യിദ് അഹ്മദ് ഖാന്റെ വലംതൈയും ഒരു പ്രധാന ചിന്ത

കനുമായിരുന്ന നവാബ് മുഹ്സിനുൽ മുൽക്ക് സ്വ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതാണീ ചരിത്രം.

അഫ്ഗാനി താക്കീത് ചെയ്തതുപോലെ തന്നെ, 1914–ൽ ആരംഭിച്ച ഒന്നാം ലോകയുദ്ധത്തിൽ, ലോക മുസ്‌ലിംകളുടെ ഖിലാഫത്ത് നിലംപതിക്കാൻ അധികദിവസം വേണ്ടിവന്നില്ല. മൊറോക്കോ മുതൽ സുഊദി അറേബ്യ വരെയുള്ള മുഴുവൻ രാഷ്ട്രങ്ങളും യൂറോപ്യൻ കോയ്മകൾ പങ്കിട്ടെടുത്തു. ചില നിസ്സാര ശ്രമങ്ങളേ അവർക്ക് വേണ്ടിവന്നുള്ളു: സമർഥനായ ഒരു മിലിട്ടറി ഉദ്യോഗസ്ഥനെ– കേണൽ ലോറൽസിനെ– നീളൻ കുപ്പായവും തലപ്പാവുമെല്ലാമണിയിച്ച്, ഒരു വലിയ തസ്ബീഹ് മാലയുമായി അറബികളുടെ കേന്ദ്രത്തിലേക്കയച്ചു. തികഞ്ഞ ഒരു 'ഔലിയ!' ലോകകാര്യങ്ങളെക്കുറിച്ചൊന്നും ചിന്തയേയില്ല. മുസ്‌ലിംകൾ അടുത്തുകൂടി, ഔലിയായുടെ പ്രീതിക്ക് കെഞ്ചി അപേക്ഷിച്ചു. ഔലിയാ മനശ്ശാസ്ത്രം നന്നായി പഠിച്ചുവന്നിരിക്കുകയായിരുന്നു. എന്ത് ചോദിച്ചാലും മറുപടിയില്ല. ദുഃഖഭാവവും കണ്ണുനീരും തന്നെ. അവസാനം പാടുപെട്ട് കെഞ്ചി അപേക്ഷിച്ചപ്പോൾ ഒരു സൂചന നൽകി: 'അറബികളായ നമ്മൾ അറബിയല്ലാത്ത ഈ ഖലീഫയുടെ നേതൃത്വം സ്വീകരിക്കുന്നത് എത്ര അപമാനകരമാണ്! നബിയുടെ അനന്തരാവകാശികളായ നമ്മുടെ അറബിജനത ഇത്രയും മൂഢന്മാരായിപ്പോയല്ലോ? അതാണ് എനിക്കുള്ള സങ്കടം.' കാര്യം ശരിയല്ലേ? അറബികൾ ഉടനെ അനുസരിക്കാൻ തയാറായി. തുർക്കി ഖലീഫക്കുള്ള സപ്പോർട്ട് അറബികൾ പിൻവലിക്കാൻ തീരുമാനിച്ചു. പിന്നത്തെ കഥ പറയാനുണ്ടോ. യുദ്ധം അവസാനിച്ചു. മുസ്‌ലിം രാഷ്ട്രങ്ങൾ ശത്രുക്കളുടെ കൈയിലായി. തുർക്കിയെങ്കിലും മോചിപ്പിച്ചെടുക്കാൻ ധീരരായ തുർക്കി യുവാക്കൾ മരണപ്പോരാട്ടം നടത്തി. ഖിലാഫത്ത് നിലംപതിച്ചു. ഇസ്‌ലാംമതം പഠിക്കാത്ത ഒരു ഗ്രാന്റ് മുഫ്തിയുടെ ഫത്‌വയുടെ ഫലമാണിതെല്ലാമെന്ന് നാമോർക്കണം.

ലോകത്തിലെ ഏറ്റവുമധികം മുസ്‌ലിം ജനസംഖ്യയുള്ള ഒരു രാഷ്ട്രമായിരുന്നു ഇന്ത്യ. ഇവിടത്തെ മുസ്‌ലിംകൾ ഇഞ്ചിഞ്ചായി മൃതിയടഞ്ഞുകൊണ്ടിരിക്കുന്നത്, അസാധാരണ ബുദ്ധിമാനും ചിന്തകനുമായ സർസയ്യിദ് അഹ്മദ് ഖാൻ കുറേനാൾ കടുത്ത മനോവേദനയോടെ വീക്ഷിച്ചുകൊണ്ടിരുന്നു. അവസാനം , സമുദായത്തിന്റെ ഭാവിപുരോഗതിക്കും നിലനിൽപിനുംവേണ്ടി, ഇംഗ്ലീഷ് ഭാഷയും ആധുനികശാസ്ത്രവും പഠിക്കേണ്ടത് അത്യാവശ്യമാണെന്ന് ഏകനായി എഴുന്നേറ്റുനിന്ന് കാഹളം മുഴക്കി. ഫലം എന്തായിരുന്നു? ഇന്ത്യയിലെ മതപണ്ഡിതന്മാർ ഒറ്റക്കെട്ടായി അണിനിരന്ന് അദ്ദേഹം കാഫിറാണെന്ന് ഫത്‌വ ഇറക്കി. പക്ഷേ, മഹാ ധീരനായ ആ നേതാവ് അതെല്ലാം പുച്ഛിച്ചു തള്ളിക്കളഞ്ഞു. ഒടുവിൽ മക്കാ മുഫ്തിയുടെ ഫത്‌വ കൂടി വരുത്തി നോക്കി. അതും തള്ളിക്കളഞ്ഞു. അങ്ങനെ ആ ധീരനേതാവ് ഏകനായിക്കൊണ്ട് മുന്നോട്ടുപോയി സ്ഥാപിച്ച ആ യൂനിവേഴ്സിറ്റി ഇല്ലായിരുന്നെങ്കിൽ മുസ്‌ലിംകൾ ഇതിനുമുമ്പ് തന്നെ ഹരിജനങ്ങളുടെ അണികളിലേക്ക് താഴ്ന്നു പോയിക്കഴിയുമായിരുന്നു. ഇന്ത്യയിൽ പേരെടുത്ത സ്വാതന്ത്ര്യ സമരപ്പോരാളികളിൽ ഒന്നാംതരം നേതാക്കന്മാരെയെല്ലാം വാർത്തെടുത്തത് ആ മഹാ സ്ഥാപനമാണ്. ആ ഫത്‌വക്കാരുടെ ഇന്നത്തെ വാദമോ, അത് ശ്രദ്ധേയമാണ്: "അലീഗഢ് യൂനിവേഴ്സിറ്റി ഇസ്‌ലാമിന്റെ ഒരു സംസ്കാര കേന്ദ്രമാണ്, അതിനെ തൊട്ടുകളിച്ചാൽ....!" ഇപ്പോൾ ഫത്‌വ അതായി.

ഇതെല്ലാമാണ് നമുക്ക് അടുത്തകാലത്ത് ലഭിച്ചുകൊണ്ടിരുന്ന മതനേതൃത്വം. ഇന്ത്യൻ മുസ്‌ലിംകളുടെ മത–സംസ്കാര സംരക്ഷണം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച പല ചിന്തകളും ഇവിടെ നടന്നുകൊണ്ടിരുന്നു. ചരിത്രം സൃഷ്ടിച്ച പല കാൽവെപ്പുകളും ആ രംഗത്ത് നടന്നു. പക്ഷേ, ഇന്ത്യ വിട്ടുപോകേണ്ടിവന്നതിലുള്ള അമർഷം മൂലം ബ്രിട്ടീഷുകാർ അതെല്ലാം കുത്തിക്കലക്കിത്തകർത്തു കളഞ്ഞു. ഒടുവിൽ വിഭജന വാദവുമായി ഒരു വിഭാഗക്കാരെ അവർ പുറത്തിറക്കി. അന്നത്തെ ഇന്ത്യൻ മുസ്‌ലിംകളെ ആകമാനം അവരിളക്കി വിട്ടു. അന്ന് അവരുടെ സ്റ്റേജുകളിൽ ഓതിക്കേൾപ്പിച്ചിരുന്ന ഖുർആൻ വാക്യങ്ങൾ കേട്ടവരെല്ലാം പാകിസ്താൻ സ്ഥാപിക്കാനാണ് ഖുർആൻ അവതരിച്ചതെന്ന്, ചുരുക്കത്തിൽ ധരിച്ചു. അതിന്റെ അനർഥങ്ങൾ ചൂണ്ടിക്കാട്ടിയവരെയെല്ലാം കാഫിറാക്കി സമുദായത്തിൽ വിളംബരം ചെയ്തു. ഒരു മുസ്‌ലിം രാഷ്ട്രം സ്ഥാപിക്കുന്നതു എന്തിനീ ദുഷ്ടന്മാർ എതിർക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് സ്ത്രീകൾക്കിടയിൽ സ്വാധീന ശക്തിയുള്ള മുല്ലമാർ പ്രചാരണം നടത്തിയിരുന്നത് ആരും മറന്നിട്ടുണ്ടായിരിക്കില്ല. ഇന്ത്യയിലെ ഒരു മുസ്‌ലിമിനെ ഉപദ്രവിച്ചാൽ ജിന്നാ സാഹിബ് പട്ടാളത്തെയുംകൊണ്ട്, സമാധാനം ചോദിക്കാൻ ഇങ്ങോട്ട് മാർച്ച് ചെയ്യുമെന്ന് മുസ്‌ലിംകളെ പറഞ്ഞു ധരിപ്പിച്ചിരുന്നത് നാമെല്ലാം കേട്ടതാണ്.

അവസാനം ഗത്യന്തരമില്ലാതെ ഇന്ത്യയെ രണ്ടായി വിഭജിച്ച്, അതേത്തുടർന്നുണ്ടായ സംഘട്ടനങ്ങളിൽ ഒരു കോടിയോളം ജീവൻ നശിച്ചുവെന്നാണറിവ്. മൗലാനാ ആസാദ് ഇംഗ്ലണ്ടിലേക്ക് പോകുമ്പോൾ ബോംബെയിൽ വെച്ച് പത്രപ്രതിനികൾ ചോദിച്ചു: "ഇന്ത്യാ വിഭജനത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്ത്?" "ചരിത്രം വിധിയെഴുതും." അതു മാത്രമായിരുന്നു മൗലാനയുടെ മറുപടി. 30 കൊല്ലത്തിനു ശേഷം, അവിടത്തെ ഇസ്‌ലാമിന്റെ പുരോഗതി കാണാമല്ലോ എന്നോർത്ത് ഞാനവിടം സന്ദർശിച്ചു. കണ്ട കാഴ്ചകളോ കേട്ട വാക്കുകളോ ഒന്നും ഞാനിവിടെ പറയുന്നില്ല. അത് പലരെയും വേദനിപ്പിക്കും. ഇന്ത്യയിൽനിന്ന് മതപ്രേമവും കൊണ്ട് അങ്ങോട്ട് ഓടിപ്പോയവരിൽ പലരും കണ്ണീരും കൈയുമായാണ് മരണമടഞ്ഞത്. ഇന്നും അങ്ങനെത്തന്നെ. ഇസ്‌ലാമിക ഭരണമിരിക്കട്ടെ, അവർക്കർഹതപ്പെട്ട പൗരാവകാശം കിട്ടിയിട്ട് വേണമല്ലോ ഇസ്‌ലാമിക ഭരണത്തെപ്പറ്റി ചിന്തിക്കാൻ. ഇന്നുവരെയും ഇന്ത്യയിൽനിന്ന് പോയവർക്ക് അത് വകവെച്ചു കിട്ടിയിട്ടില്ല. 'വന്നു പാർക്കുന്നവർ' എന്ന് സീലടിച്ചു വിട്ടിരിക്കുകയാണവരെ. ഒരു വ്യഭിചാരിയെ ശിക്ഷിച്ചു എന്ന് റേഡിയോവിലും പത്രങ്ങളിലുമുള്ള ചെണ്ടമുട്ടൽ മാത്രമാണവിടെ നടക്കുന്നത്– മുസ്‌ലിം ലോകത്തെ ബോധ്യപ്പെടുത്താൻ. വ്യഭിചാരത്തിന് അവിടത്തെ ഇസ്‌ലാമിക വിധിയോ, ചിലപ്പോൾ കല്ലെറിഞ്ഞുകൊല്ലുക; അടുത്ത വിധി നൂറ് അടി; മൂന്നാമത്തെ വിധി ജയിൽ ശിക്ഷയും. ഈ വിധികളെല്ലാം ഒരു പട്ടാള ഓഫീസർ എവിടെനിന്നാണ് എടുക്കുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. ചുരുക്കത്തിൽ, പാവപ്പെട്ട അന്നത്തെ ഇന്ത്യൻ മുസ്‌ലിംകൾ എല്ലാം നഷ്ടപ്പെട്ടും എല്ലാം സഹിച്ചുകൊണ്ടും അവിടെ കുടുങ്ങിയിരിക്കുകയാണ്. അതേയവസരത്തിൽ ഇന്ത്യൻ മുസ്‌ലിംകളെ ഇവിടത്തെ ഗവൺമെന്റും ഭൂരിപക്ഷവും മർദിച്ചുകളയുന്നുവെന്ന രോഷപ്രകടനവും.

യഥാർഥത്തിൽ എല്ലാ വികാരങ്ങളെയും മാറ്റിനിർത്തിയിട്ട് എന്താണ് സംഭവിച്ചതെന്ന് ഒന്ന് ചിന്തിച്ചുനോക്കുക: വിഭജനത്തിനു മുമ്പുള്ള ഇന്ത്യൻ മുസ്‌ലിം സമുദായം ഇന്ന് ഇന്ത്യയിലും പാകിസ്താനിലും ബംഗ്ലാദേശിലുമായി ചിന്നിച്ചിതറി പരസ്പര ശത്രുതയോടെ ജീവിക്കുകയാണ്. ഇതെന്റെ ഊഹമോ സങ്കൽപമോ അല്ല. ഗൾഫ് രാഷ്ട്രങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ മുസ്‌ലിംകളോട് മാത്രം ഒന്ന് അന്വേഷിച്ചു നോക്കുക. ഒരേസ്വരത്തിൽ നിങ്ങൾക്ക് മറുപടി നൽകും, ഇന്ത്യയിലെ ഭൂരിപക്ഷത്തേക്കാൾ അവരെ ഉപദ്രവിക്കുകയും അവരുടെ ഉപജീവനമാർഗത്തിന് പ്ലാനിട്ട് കത്തിവെക്കുകയും ചെയ്യുന്നത് പാകിസ്താൻ മുസ്‌ലിംകളാണെന്ന്. ഇന്ത്യയിൽ ഇന്ന്

മുസ്‌ലിംകളില്ല, അവിടെനിന്ന് മുസ്‌ലിംകൾ എന്ന പേരിൽ വരുന്നവരൊന്നും മുസ്‌ലിംകളല്ല എന്നാണ് അറബി രാഷ്ട്രങ്ങളെ അടുത്തകാലം വരെയും ഈ പാകിസ്താൻകാർ ധരിപ്പിച്ചുവെച്ചിരുന്നത്. ഫലം പറയേണ്ടതില്ലല്ലോ.

അതെല്ലാമിരിക്കട്ടെ, അറബി രാഷ്ട്രങ്ങളെല്ലാം കൂടി ചേർന്നാൽ 28 കോടി എത്തുകയില്ല. അത്രയും വലിയ ഒരു ജനസംഖ്യയാണ് ഇന്ത്യയിലും പാകിസ്താനിലും ബംഗ്ലാദേശിലുമായി ഇന്ന് ജീവിക്കുന്ന മുസ്‌ലിംകൾ. ആ 28 കോടിയെ അടിച്ചമർത്തിയിട്ട് ഒരു രാഷ്ട്രം ഭരിക്കുക ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ലതന്നെ. എന്നിട്ട് അതെല്ലാം വിസ്മരിച്ചുകൊണ്ടാണ് ഇസ്‌ലാമിക രാഷ്ട്രം എന്ന പേരിൽ പഞ്ചാബീ നേതാക്കന്മാർക്ക് വേണ്ടി ഒരു രാഷ്ട്രം സ്ഥാപിച്ചത്. ഇവിടത്തെ, ഇന്ത്യയിലെ 13 കോടി മുസ്‌ലിംകൾക്ക് എല്ലാ സ്വാധീനശക്തിയും പിൻബലവും നഷ്ടപ്പെട്ട്, ഇന്ന് വിവിധ രാഷ്ട്രീയ പാർട്ടികളുടെ പിന്നാലെ യാചിക്കാൻ നടക്കുകയാണ്. ഇതെല്ലാമാണ് കഴിഞ്ഞ കാലങ്ങളിൽ നമുക്ക് ലഭിച്ച നേതൃത്വത്തിന്റെ ഫലങ്ങൾ.

അജ്ഞതയിലും പലതരം അന്ധവിശ്വാസങ്ങളിലും ആണ്ടു കിടന്നു നശിച്ചുകൊണ്ടിരുന്ന കേരള മുസ്‌ലിം സമുദായത്തെ ഉയിർത്തെഴുന്നേൽപിക്കാൻ പ്രഗത്ഭരായ ചില നേതാക്കന്മാർ പ്ലാനിട്ട് രംഗത്തിറങ്ങി. 1922–ൽ 'കേരള മുസ്‌ലിം ഐക്യ സംഘം' എന്നൊരു സംഘടന സ്ഥാപിച്ചു. '24–ൽ ആലുവായിൽ ഒരു വാർഷിക മഹാ സമ്മേളനം സംഘടിപ്പിച്ചു. തെക്കെ ഇന്ത്യയിലെ ഏറ്റവും വലിയ പണ്ഡിതനും ചിന്തകനും വെല്ലൂർ കോളേജിലെ പ്രിൻസിപ്പലുമായിരുന്ന മൗലാനാ അബ്ദുൽ ജബ്ബാർ ഹസ്രത്ത് അവർകളെ അധ്യക്ഷനായി ക്ഷണിച്ചുവരുത്തി. മുസ്‌ലിംകൾ ഇംഗ്ലീഷും ആധുനിക വിദ്യാഭ്യാസവും നേടാൻ മുമ്പോട്ടുവരണമെന്ന് അദ്ദേഹം ശക്തിയായി ഉദ്ബോധിപ്പിച്ചു. ഒരു ആധുനിക കോളേജ് സ്ഥാപിക്കാൻ തീരുമാനമെടുത്തു. തിരുവിതാംകൂർ ഗവൺമെന്റിനെ സമീപിച്ചു. ഏഴ് ഏക്കർ സ്ഥലം ഗവൺമെന്റ് ആലുവായിൽ സംഭാവന ചെയ്തു. പക്ഷേ, വിജയിപ്പിക്കാൻ കഴിഞ്ഞില്ല. സമുദായത്തിന്റെ മനഃസ്ഥിതി അത്രകണ്ട് അധഃപതിച്ചിരുന്നു. വക്കം അബ്ദുൽ ഖാദിർ മൗലവി സാഹിബ്, കെ.എം. സീതി സാഹിബ്, മണപ്പാട് കുഞ്ഞിമുഹമ്മദ് ഹാജി, മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് മുതലായ നേതാക്കളായിരുന്നു അതിന്റെ പിന്നിലുണ്ടായിരുന്ന മഹാശക്തി. *അൽ അമീൻ*, *അൽ ഇർശാദ്*, *അൽ ഇസ്‌ലാം*, *മുസ്‌ലിം* എന്നീ പത്ര–മാസികകളും ആ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നു. '28–ൽ തെക്കെ ഇന്ത്യയിലെ പ്രസിദ്ധ മതപണ്ഡിതനും മദിരാശി മുഹമ്മദൻ കോളേജ് പ്രിൻസിപ്പലുമായിരുന്ന ഡോക്ടർ അബ്ദുൽ ഹഖ് സാഹിബിന്റെ അധ്യക്ഷതയിൽ വാർഷിക മഹാ സമ്മേളനം നടന്നു, തിരൂരിൽ. അതിനുമുമ്പ് '25–ൽ ഇംഗ്ലീഷുകാരനും ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷകനുമായ മാർമഡ്യൂക്ക് പിക്താളിന്റെ അധ്യക്ഷതയിൽ തലശ്ശേരിയിൽ ഒരു വാർഷിക സമ്മേളനം നടന്നിരുന്നു. അങ്ങനെ കേരള മുസ്‌ലിംകളെ ആകെയൊന്ന് പിടിച്ചു കുലുക്കി ഉണർത്താനുള്ള കൊണ്ടുപിടിച്ച ശ്രമംതന്നെ നടന്നുകൊണ്ടിരുന്നു. മുസ്‌ലിംകളെ ബാധിച്ച അജ്ഞത, അന്ധവിശ്വാസം, ദുരാചാരം ഇവക്കെതിരെയുള്ള പോരാട്ടം സർവത്ര ആരംഭിച്ചു.

ഇന്ത്യയിലെ അജ്മീർ, നാഗൂർ എന്നീ കേന്ദ്രങ്ങൾ കഴിഞ്ഞാൽ ഏറ്റവും വലിയ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കൂത്താട്ടരംഗമായിരുന്നു 'മലപ്പുറം നേർച്ച'. ഇന്നത്തെ ജനതയെ അത് ഗ്രഹിപ്പിക്കാൻ പ്രയാസമുണ്ട്. മുസ്‌ലിംകൾ മാത്രമല്ല, ഹിന്ദുക്കൾ കൂടി അവിടെ നേർച്ചകളും വഴിപാടുകളും അർപ്പിച്ചിരുന്നത് എനിക്ക് തന്നെ നേരിൽ അറിവുണ്ട്. തന്നിമിത്തം 1931 ഒക്ടോബർ രണ്ടാം വാരത്തിൽ മലപ്പുറം മുസ്‌ലിം ട്രെയിനിംഗ് സ്കൂളിൽ കേരള മുസ്‌ലിം ഐക്യ സംഘത്തിന്റെ 9–ാം വാർഷിക മഹാസമ്മേളനം സംഘടിപ്പിക്കാൻ നേതാക്കന്മാർ തീരുമാനിച്ചു. നേർച്ചയുടെ ഭാരവാഹികൾക്കും സിൽബന്ധികൾക്കും എന്തെന്നില്ലാത്ത പരിഭ്രാന്തിയായി. അവർ നാടാകെ തലങ്ങും വിലങ്ങും ഓടി. അങ്ങേയറ്റത്തെ ബഹിഷ്കരണ പരിപാടികൾ ആസൂത്രണം ചെയ്തു. മലപ്പുറത്ത് അന്ന് ഒരു ചായക്കടപോലും തുറക്കരുതെന്ന് ഗൂഢമായി തീരുമാനമെടുത്തു. സംഗതി ഗ്രഹിച്ചപ്പോൾ സീതി സാഹിബ്, മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി മുതലായവർ പോലീസ്–റവന്യൂ ഡിപ്പാർട്ട്മെന്റുകളിലെ ഉയർന്ന മുസ്‌ലിം ഉദ്യോഗസ്ഥന്മാരെ സമീപിച്ചു. അവർ വന്നിട്ടാണ് ചില കടകളെങ്കിലും തുറപ്പിച്ചത്.

അന്ന് കേരള മുസ്‌ലിംകളുടെ ഏക വിദ്യാഭ്യാസ കേന്ദ്രം മലപ്പുറമായിരുന്നു. ഒരു മുസ്‌ലിം ട്രെയിനിംഗ് സ്കൂളും ഒരു മുസ്‌ലിം ഹൈസ്കൂളും. അവിടെ മാത്രമാണ് കേരളത്തിലെയും ലക്ഷദ്വീപുകളിലെയും മുസ്‌ലിംവിദ്യാർഥികൾ പഠിച്ചുകൊണ്ടിരുന്നത്. ഞാനവിടെ അധ്യാപകനായിരുന്നു. ബ്രിട്ടീഷുകാരുടെ സുചിന്തിതമായ പ്ലാനനുസരിച്ച്, മതപഠനത്തിലൂടെതന്നെ മുസ്‌ലിംസമുദായത്തിലെ അന്ധവിശ്വാസങ്ങൾ ദൂരീകരിക്കാൻ നിയമിതനായിരുന്നു ഞാൻ. അവസാനം, ആ സ്കൂൾ അധ്യാപകന്മാർ ഒന്നായിച്ചേർന്ന് മുസ്‌ലിംകളുടെ അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കുമെതിരെ പടപൊരുതാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങി. ആ രംഗത്ത് ഞങ്ങൾക്ക് വമ്പിച്ച എതിർപ്പുകൾ നേരിടേണ്ടിവന്നു. ബ്രിട്ടീഷ് ഭരണകാലമായതുകൊണ്ട് ഉദ്യോഗസ്ഥന്മാരെ ഭയമായിരുന്നു. തന്നിമിത്തം കൈയേറ്റം ചെയ്യാൻ ധൈര്യപ്പെട്ടില്ലെന്നു മാത്രം. മറ്റു ചിലയിടങ്ങളിൽ അതും നടക്കാതിരുന്നില്ല. ഞങ്ങൾ സ്വീകരിച്ച പരിപാടികളിലൊന്ന്, നേർച്ചാ സംഘാടകരുടെ മക്കളെ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുന്നതിൽ പ്രത്യേകം മനസ്സിരുത്തുകയാണ്. ആ പരിപാടിയാണ് അവസാനം ഏറ്റവും വിജയിച്ചത്. ആ തലമുറയെ നേർച്ചയുടെ വിരോധികളാക്കി ഞങ്ങൾ മാറ്റി. നേർച്ച പറ്റേ സ്തംഭിച്ചു.

പിന്നീട്, 1957–ലെ കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽവന്നു. ഉടനെ ആരംഭിച്ചു, കത്തുകളും കമ്പികളും ടെലിഫോണുമെല്ലാം. നേർച്ച പുനരാരംഭിക്കാൻ അനുമതിയും സഹായവും നൽകണമെന്ന്. അത് ചെയ്താൽ മുടങ്ങിക്കിടന്ന ഒരു ഇസ്‌ലാമികാചാരം പുനരുജ്ജീവിപ്പിക്കാൻ സഹായിച്ചു എന്ന മതിപ്പും നമുക്ക് നേടാം; അങ്ങനെ മാപ്പിള സമുദായത്തെ കമ്യൂണിസത്തിലേക്ക് നമുക്ക് ആകർഷിക്കാം. ഇതായിരുന്നു പ്രാദേശിക നേതാക്കൾ പാർട്ടി നേതൃത്വത്തിന് നൽകിയ നിർദേശം. ഉടനെ അതാവരുന്നു അടിയന്തര സന്ദേശം, മലപ്പുറം നേർച്ച നടത്താൻ എല്ലാ സഹായ സഹകരണങ്ങളും അനുവദിച്ചുകൊണ്ട്. അജ്ഞന്മാരും അന്ധവിശ്വാസികളുമായിരുന്ന മാപ്പിളമാരെല്ലാവരും ആഹ്ലാദഭരിതരായി നൃത്തം വെക്കാൻ തുടങ്ങി. കമ്യൂണിസ്റ്റുകാർ മതവിരോധികളെന്ന് പറയുന്നത് ശുദ്ധ കള്ളമാണെന്ന് അവർ പെരുമ്പറയടിക്കാൻ തുടങ്ങി. നേർച്ച അതിന്റെ മുറപ്രകാരം ആഘോഷിച്ചു.

ഇന്നത്തെ ഉദ്ബുദ്ധരായ മാപ്പിളമാർ ഓർക്കണം, അതേ നമ്പൂതിരിപ്പാട് തന്നെയാണ് മുസ്‌ലിം ശരീഅത്തിലെ അപാകതകളും അധഃപതന ഹേതുകങ്ങളായ വശങ്ങളും പരിഷ്കരിക്കാൻ മുന്നോട്ടുവന്നിരിക്കുന്നത്. ആത്മാർഥതക്ക് ഇനി വല്ല ദൃഷ്ടാന്തവും ആവശ്യമുണ്ടോ? കിഴക്കൻ ഏറനാട്ടിലെ മാപ്പിളമാരെ വലവീശിപ്പിടിക്കാൻ അതിനു മുമ്പ് നടത്തിയിരുന്ന കുതന്ത്രം ഈ പാവങ്ങൾ പെട്ടെന്ന് മറന്നുപോയി. തങ്ങൾക്ക് ഭരണം കിട്ടിയാൽ ഓരോരുത്തർക്കും അഞ്ചേക്കർ ഭൂമിയും മൂന്ന് പോത്തും വീതം വിതരണം നൽകുമെന്നായിരുന്നു അന്നത്തെ പ്രചാരണ പ്രസംഗം. വിവരമില്ലാത്ത മാപ്പിളമാർക്കി

ടയിൽ അതും അതിനപ്പുറവും ചെലവാകുമല്ലോ.

ഇന്ന് മനുഷ്യരാശിയെ പലതരം പാർട്ടികൾ പങ്കിട്ടെടുത്ത് വെച്ചിരിക്കുകയാണ്. ഓരോ പാർട്ടിയും ക്ഷീണിക്കുമ്പോൾ എന്തെങ്കിലും ഒരു പ്രശ്നം വലിച്ചിടും. പാർട്ടിയുടെ ജീവൻ വീണ്ടെടുക്കാൻ. അതിലൊന്നാണ് ഇപ്പോൾ വലിച്ചിട്ടിരിക്കുന്ന മുസ്‌ലിം ശരീഅത്ത് നിയമപ്രശ്നം. അത് കുറേയൊക്കെ ഫലിച്ചു. അതുകൊണ്ടുതന്നെയാണല്ലോ നാമിപ്പോൾ ഇത് ചർച്ച ചെയ്യേണ്ടിവന്നത്. വാസ്തവത്തിൽ ഇവരുടെ ഈ ശ്രമത്തിൽ പങ്കെടുത്തുകൂടെന്നുണ്ടായിരുന്നു. ചില സുഹൃത്തുക്കളുടെ അപ്രീതി സമ്പാദിക്കേണ്ട എന്നോർത്ത് മാത്രമാണ് അവസാനം പങ്കെടുത്തത്. അത് ഈ ചർച്ചയുടെ സംഘാടകരെ ഞാൻ മുൻകൂട്ടി അറിയിച്ചിട്ടുമുണ്ട്.

ഇപ്പോൾ ഈ പ്രശ്നം ഇളക്കിവിട്ട നമ്പൂതിരിപ്പാടിന്റെ പ്രസ്താവന ഞാൻ വായിച്ചിട്ടില്ല. ശരീഅത്ത് നിയമത്തിലെ ബഹുഭാര്യാത്വ സമ്പ്രദായം മാറ്റണമെന്നാണ് അദ്ദേഹത്തിന്റെ ആഹ്വാനമെന്ന് തോന്നുന്നു. ശരി, മുസ്‌ലിംകൾക്കെല്ലാവർക്കും നാലുവരെ ഭാര്യമാരെ നിരുപാധികം സ്വീകരിക്കാമെന്ന് ഖുർആനോ നബിചര്യയോ അനുവദിച്ചിട്ടില്ല, തീർച്ച. അക്കാര്യത്തിൽ നമ്പൂതിരിപ്പാടിന് അശേഷവും ശങ്കവേണ്ട. പക്ഷേ, ഒരു പെൺകുട്ടിയെ രണ്ടാം ഭാര്യയോ മൂന്നാം ഭാര്യയോ നാലാം ഭാര്യയോ ആയി ഒരു പുരുഷന് വിവാഹം ചെയ്തുകൊടുക്കാൻ ആ പെൺകുട്ടിയോ രക്ഷിതാക്കളോ ഇഷ്ടപ്പെടുകയില്ലെന്ന് എല്ലാവർക്കുമറിയാം. എങ്കിൽപിന്നെ ഇത് എങ്ങനെ സംഭവിക്കുന്നു? അതാണ് പരിശോധിക്കേണ്ടത്. അവിടെയാണ് ചികിത്സിക്കേണ്ടത്. ഒരു പീടികക്കോലായിൽ മറച്ചുകെട്ടി താമസിക്കുന്ന ഒരു യുവാവിന് പോലും ഏറ്റവും ചുരുങ്ങിയത് പത്ത് പവന്റെ ആഭരണവും പതിനായിരം രൂപയും കൊടുക്കുകതന്നെ വേണം. ഇല്ലെങ്കിൽ അവൻ ഒരു പെണ്ണിനെ വിവാഹം കഴിക്കുകയില്ല. മാതാപിതാക്കളാവട്ടെ, ഒരു പെണ്ണിനെ എത്ര കാലം വെച്ചുകൊണ്ടിരിക്കും! അങ്ങനെ നെടുവീർപ്പിട്ട് വെന്തുനീറുന്ന ഹൃദയത്തോടെ ദീർഘകാലം നരകിക്കുന്ന മാതാപിതാക്കളെ ഒരു വിവാഹിതൻ സമീപിക്കുന്നു. അവളെ രണ്ടാമത്തേയോ നാലാമത്തേയോ ഭാര്യയായി സ്വീകരിച്ചുകൊള്ളാം. പണവും ആഭരണവുമൊന്നും ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട്. മനമില്ലാ മനസ്സോടെ പെണ്ണും രക്ഷിതാക്കളും അത് സമ്മതിക്കുന്നു. അങ്ങനെയാണ് ബഹുഭാര്യാത്വം നടപ്പിൽവരുന്നത്. ചിലപ്പോൾ പണക്കാരന്റെ പണം കണ്ട് മോഹിച്ചിട്ടും. അല്ലാതെ ഇസ്‌ലാമിക ശരീഅത്ത് വടിയെടുത്ത് തല്ലി കെട്ടിച്ചുകൊടുക്കുകയല്ല ചെയ്യുന്നത്.

അപ്പോൾ നമ്പൂതിരിപ്പാടുൾപ്പെടെയുള്ള ഇവിടത്തെ രാഷ്ട്രീയ പാർട്ടികളോടും നമ്പൂതിരിപ്പാടിനെ എതിർക്കുന്ന മത-സാംസ്കാരിക സംഘടനകളോടും ഞാനൊന്ന് ചോദിച്ചുകൊള്ളട്ടെ: ഈ മൂലവ്യാധിക്ക് ചികിത്സ ചെയ്യാൻ നിങ്ങളിലാരെങ്കിലും ഒരുക്കമുണ്ടോ? അതിനു മുന്നിട്ടിറങ്ങാൻ നിങ്ങൾക്ക് സന്മനസ്സുണ്ടോ? അതല്ല, ഈ വാദവും എതിർപ്പും വെറും ഒരു അഭിനയം മാത്രമാണോ? അല്ലായെങ്കിൽ നിങ്ങളത് തെളിയിക്കേണ്ടിയിരിക്കുന്നു. ഇന്ദിരാഗാന്ധിയുടേത് ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികളോടും മത-സാംസ്കാരിക സംഘടനകളോടും മഹിളാ സമാജങ്ങളോടും ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ: സ്ത്രീധനവും സ്വർണവും ആവശ്യപ്പെട്ട്, നിരപരാധിനികളായ പെൺകുട്ടികളുടെ കണ്ണീരൊലിപ്പിക്കുകയില്ലെന്ന് പ്രതിജ്ഞ വാങ്ങാനും അതിനൊരുക്കമില്ലാത്തവരെ പാർട്ടിയിൽ ചേർക്കുകയില്ലെന്ന് തീരുമാനമെടുക്കാനും ഏതെങ്കിലും ഒരു സംഘടന ഒരുക്കമുണ്ടോ? ദിനംപ്രതി എത്രയോ പെൺകുട്ടികളുടെ മരണത്തിനിടവരുത്തുന്ന ഈ ക്രൂര നടപടി അവസാനിപ്പിക്കാൻ ഇവരാരും ഒരുക്കമില്ലെങ്കിൽ ഇവരുടേതെല്ലാം വെറും വേഷംകെട്ടൽ മാത്രമാണെന്ന് നാം ധരിക്കേണ്ടിയിരിക്കുന്നു. ഈ പാർട്ടികൾക്ക് വോട്ട് ചെയ്തും മറ്റു വിധേനയും പിൻബലം നൽകുകയില്ലെന്ന് ധീരമായൊരു പ്രതിജ്ഞ ഇവിടത്തെ മഹിളാ സംഘടനകളും എടുക്കട്ടെ. പിറ്റേ ദിവസം മുതൽ ബഹുഭാര്യാത്വ പ്രശ്നം ഇവിടെ അധികമൊന്നും അവശേഷിക്കുകയില്ല. പിന്നീടുള്ളത്, ഇസ്‌ലാം മതം ഏതു പുരുഷനും നിരുപാധികം നാലുവരെ ഭാര്യമാരെ അനുവദിച്ചിട്ടുണ്ടോ എന്നതാണ്. അതിലേക്ക് ഇപ്പോൾ പ്രവേശിക്കാൻ സൗകര്യമില്ല. അതെപ്പോൾ എന്തിന് അനുവദിച്ചുവെന്ന് ഖുർആൻ നാലാം അധ്യായം 4-ാം വാക്യം എടുത്തു നോക്കിയാൽ ആർക്കും കാണാം. ആ വാക്യമല്ലാതെ ബഹുഭാര്യാത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരൊറ്റ വിധിയും ഖുർആനിൽ ഇല്ലതന്നെ.

## ശരീഅത്ത് നിയമത്തിൽ മാറ്റം വരുത്താമോ?

ശരീഅത്ത് നിയമത്തിന്റെ കർത്താവ് സർവജ്ഞനായ ദൈവമാണ്. അതിന്റെ മൂലസിദ്ധാന്തങ്ങളിൽ മാറ്റം വരുത്താൻ മുസ്‌ലിംകൾക്ക് അനുവാദമില്ല. മനുഷ്യരാശിയിൽ അവർക്കുള്ള വ്യക്തിത്വവും അതുതന്നെയാണ്. പക്ഷേ, ഇന്ന് 'മുസ്‌ലിം ശരീഅത്ത് നിയമം', 'മുഹമ്മദൻ ലോ', 'മുസ്‌ലിം പേഴ്സണൽ ലോ' എന്നീ പേരുകളിൽ ഇന്ത്യയിൽ അറിയപ്പെടുന്ന നിയമം അതല്ല. തികച്ചും മറ്റൊന്നാണ്. അൽപമൊന്ന് വിവരിച്ചാലേ സാധാരണക്കാർക്ക് അത് മനസ്സിലാകുകയുള്ളൂ.

വിവിധ ജാതി മതസ്ഥർ നിവസിക്കുന്ന ഒരു വലിയ രാഷ്ട്രമാണല്ലോ ഇന്ത്യ. ആറേഴായിരം നാഴിക അകലെയുള്ള ഒരു ദ്വീപിൽ നിവസിക്കുന്ന ബ്രിട്ടീഷുകാർ തങ്ങളുടെ ബുദ്ധിയും സാമർഥ്യവും ഉപയോഗിച്ച് ഈ പുരാതന രാഷ്ട്രത്തെ കീഴടക്കി ഭരിക്കാനാരംഭിച്ചു. ഇവിടെ പല പൊട്ടിത്തെറികളും അവർക്ക് പേടിസ്വപ്നമായിരുന്നു. അതിന് പല പൊടിക്കൈകളും കുതന്ത്രങ്ങളും അവർ പ്രയോഗിച്ചു. ഓരോ മതസ്ഥർക്കും തങ്ങളുടെ മതാചാരമനുസരിച്ച് ജീവിക്കാൻ സ്വാതന്ത്ര്യം നൽകുമെന്ന വിക്ടോറിയാ രാജ്ഞിയുടെ വിളംബരമായിരുന്നു അതിലൊന്ന്. അതനുസരിച്ച് വിവാഹം, വിവാഹമോചനം, അനന്തരാവകാശം, ദാനം, വഖ്ഫ് എന്നീ വിഷയങ്ങളിൽ മുസ്‌ലിംകൾക്കിടയിൽ തർക്കങ്ങളും വഴക്കുകളും ഉത്ഭവിച്ചപ്പോൾ ഇവിടത്തെ കോടതികളെ അഭയം പ്രാപിച്ചു. ഇവിടെ ബ്രിട്ടീഷ് ഭരണകാലത്ത് സബ് ജഡ്ജ്, സബ് കലക്ടർ മുതൽക്ക് മേൽപോട്ടുള്ള ഉദ്യോഗസ്ഥന്മാരെല്ലാവരും ഇംഗ്ലീഷുകാരായിരുന്നു. അവർക്കുണ്ടോ ഇസ്‌ലാം മതത്തെക്കുറിച്ച് വല്ല അറിവും! ആ പരിതഃസ്ഥിതിയിൽ വല്ല കേസും കോടതിയിൽ വന്നാൽ അടുത്തുള്ള ഒരു മുസ്‌ലിം മതപണ്ഡിതനെ കോടതിയിൽ വരുത്തി സ്റ്റേറ്റ്മെന്റെടുക്കും. സ്റ്റേറ്റ്മെന്റ് തദ്ദേശഭാഷകളിലുമായിരിക്കും. മുസ്‌ലിംകൾ ഇംഗ്ലീഷ് പഠിക്കുന്നത് നിഷിദ്ധമാക്കിയിരിക്കുകയായിരുന്നല്ലോ. തന്നിമിത്തം ആ സ്റ്റേറ്റ്മെന്റ്, വാദിയുടെയും പ്രതിയുടെയും വക്കീലന്മാർ യൂറോപ്യൻ ജഡ്ജിക്ക് ഇംഗ്ലീഷിൽ തർജമ ചെയ്തുകൊടുക്കും. ആ തർജമയും വ്യാഖ്യാനവും പലപ്പോഴും പരസ്പര വിരുദ്ധങ്ങളുമായിരിക്കും. അവസാനം തനിക്ക് ബോധ്യപ്പെട്ട ഏതെങ്കിലുമൊരു പരിഭാഷയും വ്യാഖ്യാനവും സ്വീകരിച്ച് ജഡ്ജ് വിധികൽപിക്കും. പിന്നീട് ഡിസ്ട്രിക് കോടതി, ഹൈക്കോടതി എന്നിവയെ സമീപിക്കും. തങ്ങൾക്ക് തോന്നിയപോലെ അനുകൂലിച്ചോ പ്രതികൂലിച്ചോ അവരും വിധികൽപിക്കും. അവസാനം ഇംഗ്ലണ്ടിലെ പ്രിവി കൗൺസിലിലെത്തും. ഇന്നത്തെ സുപ്രീം കോർട്ടിന്റെ സ്ഥാനം അന്ന് പ്രിവി കൗൺസിലിനായിരുന്നു. അവിടെ രണ്ടു പക്ഷത്തും ചില ഇംഗ്ലീഷ് വക്കീലന്മാരുണ്ടായിരിക്കും. അവർ വാദപ്രതിവാദം നടത്തും. ഒടുവിൽ ഇംഗ്ലീഷുകാരൻ ജഡ്ജിന് തോന്നിയ പ്രകാരം വിധി കൽപിക്കും. ഇതോടെ കാര്യം അവസാനിച്ചു.

അവസാനത്തെ വിധിയായി. മാത്രമല്ല, അത് 'ഇസ്‌ലാമിക' നിയമവുമായി.

ഒടുവിൽ, ഈ വിധികളെല്ലാം തെരഞ്ഞെടുത്ത് ക്രോഡീകരിച്ചുകൊണ്ടുള്ള ഒന്നു രണ്ട് ഗ്രന്ഥങ്ങൾ ചില നിയമ പണ്ഡിതന്മാർ പുറത്തിറക്കി. ഒന്ന് പാർസി മതക്കാരനായ മുല്ല. അദ്ദേഹം അത് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചതല്ലാതെ, വ്യാഖ്യാനമോ വിമർശനമോ ഒന്നും നടത്തിയിട്ടില്ല. രണ്ട് അമീറലി. അദ്ദേഹം ക്രോഡീകരിക്കുക മാത്രമല്ല, ചില വ്യാഖ്യാനങ്ങളും വിമർശനങ്ങളും രേഖപ്പെടുത്തുക കൂടി ചെയ്തു. ഇതാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയതും ഇന്ന് നടപ്പുള്ളതും വലിയ ഒച്ചപ്പാടുകളുണ്ടാക്കിയതുമായ 'മുസ്‌ലിം ശരീഅത്ത് നിയമം'. ഇതുമാത്രം. അല്ലാതെ മറ്റൊന്നുമല്ല.

ഇതിന് ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ എത്ര കണ്ട് സ്ഥാനമുണ്ടെന്ന് ഇനി എടുത്ത് പറയേണ്ടതില്ലല്ലോ. ഇത് മാറ്റണം, മാറ്റിക്കൂടാ, മാറ്റിയാൽ അവസാനത്തെ തുള്ളി രക്തം വരെ തങ്ങളൊഴുക്കും. ഇതെല്ലാമാണ് ഇന്നത്തെ വീരവാദങ്ങൾ. ഇതിനെക്കുറിച്ച് ഞാനൊന്നും പറയേണ്ടതില്ല. ബുദ്ധിയുള്ള വായനക്കാരും പഠിച്ച മതപണ്ഡിതന്മാരും തീരുമാനമെടുത്തുകൊള്ളട്ടെ.

പക്ഷേ, ഒന്നെനിക്ക് പറയാനുണ്ട്. വടക്കെ ഇന്ത്യയിലെ പണക്കാരും പ്രഭു കുടുംബങ്ങളും തങ്ങളുടെ സ്വത്ത് സ്വസന്താനപരമ്പരകളുടെ പേരിൽ വഖ്ഫ് ചെയ്തുവെക്കുന്ന പതിവുണ്ടായിരുന്നു. 'വഖ്ഫ്- അലൽ ഔലാദ്' എന്നായിരുന്നു അതിന് പേര്. ആ വഖ്ഫ് സാധുവല്ലെന്ന് ഇവിടെ കേസുത്ഭവിച്ചു. കീഴ്ക്കോടതികളിലെ യൂറോപ്യൻ ജഡ്ജിമാർ തിരിച്ചും മറിച്ചും വിധി കൽപിച്ചു. ഒടുവിൽ പ്രിവി കൗൺസിലിൽ എത്തിയപ്പോൾ അവർ കൽപിച്ച വിധി ചിന്താർഹമാണ്: ഇത്തരം ഒരു വഖ്ഫ്, ഇസ്‌ലാമിന്റെ സിദ്ധാന്തമനുസരിച്ച് സാധുവല്ല എന്നായിരുന്നു അവിടത്തെ സായ്പിന്റെ വിധി. ഇന്ത്യയിലെ പ്രഭുക്കന്മാർ കുഴങ്ങി. അവർ ജിന്നാ സാഹിബിനെ അഭയം പ്രാപിച്ചു. കാലം 1913. അദ്ദേഹം അന്ന് വൈസ്രോയിയുടെ കൗൺസിൽ മെമ്പറായിരുന്നു. 'മുസ്‌ലിം വഖ്ഫ് സാധൂകരണ ആക്ട്' എന്ന പേരിൽ അദ്ദേഹം ഒരു ബില്ല് കൊണ്ടുവന്നു. കൗൺസിൽ അത് പാസാക്കിക്കൊടുത്തു. പ്രഭുക്കന്മാരുടെയെല്ലാം വഖ്ഫ് ഭദ്രമായി. പിന്നീട് 1930-നും '40-നും ഇടക്ക് മദിരാശി ഹൈക്കോടതിയിൽ മറ്റൊരു വഖ്ഫ് കേസ് സംബന്ധിച്ച് വിധിയുണ്ടായി. ഖുർആൻ ഓതിച്ചു മരിച്ചവർക്ക് ദാനം ചെയ്യുന്നതിനുള്ളതായിരുന്നു ആ വഖ്ഫ്. ഇസ്‌ലാമിന്റെ സിദ്ധാന്തം ചൂണ്ടിക്കാട്ടിക്കൊണ്ട് അതും അസാധുവാണെന്ന് മദ്രാസ് ഹൈക്കോടതിയിലെ സായ്പ് വിധി കൽപിച്ചു. എന്റെ ബലമായ ഓർമയാണിത്. സായ്പിന്റെ സത്യാന്വേഷണ ബുദ്ധിയിലും അതിന്റെ വിജയത്തിലും എനിക്ക് മതിപ്പ് തോന്നി.

ഇതേയവസരത്തിൽ, മൂന്ന് ത്വലാഖ് ഒരേയവസരത്തിൽ ചൊല്ലിയാൽ അത് സാധുവാകയില്ലെന്നും മൂന്നും മൂന്നവസരത്തിലായിരിക്കണം ഉപയോഗപ്പെടുത്തുന്നതെന്നും അലഹബാദ് ഹൈക്കോടതി വിധി കൽപിച്ചു. അപ്പീലിൽ പ്രിവി കൗൺസിൽ അത് സ്വീകരിച്ചില്ല. ആ വിധി തള്ളിക്കളഞ്ഞുകൊണ്ട് മൂന്നു ത്വലാഖും സാധുവാണെന്ന് പ്രിവി കൗൺസിൽ വിധികൽപിച്ചു. അവിടെ സായ്പിന് തെറ്റുപറ്റി. ചിലപ്പോൾ അങ്ങനെയും ഉണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ, ഇംഗ്ലണ്ടിലെ സായ്പന്മാർ അവരുടെ കസേരകളിൽ ഇരുന്നുകൊണ്ട് എഴുതിയുണ്ടാക്കിയതാണ് ഇന്നിവിടെ വിവാദ വിഷയമായിരിക്കുന്ന മുസ്‌ലിം ശരീഅത്ത് നിയമം, ഇത് ബഹുജനങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്.

പിന്നീട് കുറേകാലം കഴിഞ്ഞു. മുസ്‌ലിം സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരുന്ന നാനാതരം ദുരിതങ്ങൾ സഹിക്കവയ്യാതായി. ഇന്ത്യയിലെ പ്രമുഖ മതപണ്ഡിതന്മാരും നേതാക്കളും ദീർഘകാലം ഇതിന്റെ നിവാരണ മാർഗത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ, സെൻട്രൽ അസംബ്ലിയിൽ (അന്ന് അതായിരുന്നു ഇന്ത്യൻ പാർലമെന്റ്) ഒരു ബില്ല് അവതരിപ്പിക്കാൻ അവർ തീരുമാനിച്ചു. കാസിമി എന്നു പേരുള്ള ഒരു മുസ്‌ലിം പ്രധാനിയാണ് ബില്ല് തയാറാക്കി അവതരിപ്പിച്ചത്. സെലക്ട് കമ്മിറ്റിക്കയച്ചു. ചില ഭേദഗതികൾ വരുത്തി. പാർലമെന്റിൽ അവതരിപ്പിച്ചു. അവിടുന്നും ചില ഭേദഗതികൾ വരുത്തി. ഒടുവിൽ 1939-ലെ മുസ്‌ലിം വിവാഹമോചന ആക്ട് എന്ന പേരിൽ അത് നിയമമാക്കി. മുമ്പുണ്ടായിരുന്ന മുസ്‌ലിം ശരീഅത്ത് നിയമത്തിൽ പല മാറ്റങ്ങളും വരുത്തിക്കൊണ്ടാണ് അത് പാസ്സാക്കിയത്. പുരുഷന്മാർ സ്ത്രീകളെ ദേഹോപദ്രവം ചെയ്യുക, ദീർഘകാലം ചെലവിന് കൊടുക്കാതിരിക്കുക, മാറാവ്യാധി പിടിപെടുക മുതലായ കാരണങ്ങൾ മൂലം വിവാഹമോചനം നടത്താമെന്ന് ആ ബില്ലിൽ വ്യവസ്ഥ ചെയ്തു. പക്ഷേ ഖാസിയോ മറ്റോ പോര, കോടതി മുഖേനയായിരിക്കണം ആ നിയമം നടപ്പിൽ വരുത്തുന്നതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തു. ഈ ഭേദഗതികൾ ഇവിടെ നടന്നുകഴിഞ്ഞതാണ്. രേഖപ്പെട്ടു കിടക്കുന്നതാണ്. അതിലാർക്കും സംശയിക്കാനോ എതിർക്കാനോ ഒരു മാർഗവുമില്ല. അപ്പോൾ മേൽപറഞ്ഞ രണ്ട് ഭേദഗതികളും ശരീഅത്ത് നിയമത്തിൽ എങ്ങനെ സംഭവിച്ചു, എങ്ങനെ മുസ്‌ലിംകൾ അനുവദിച്ചു?

ഇന്നിവിടെ കോടതിയിലുള്ള മുസ്‌ലിം ശരീഅത്ത് നിയമം ഞാൻ വായിച്ച് ഗ്രഹിച്ചിട്ടില്ല. അന്വേഷിച്ചിടത്തോളം അത് പല ന്യൂനതകളും പോരായ്മകളും ഉൾക്കൊള്ളുന്ന ഒന്നാണ്. ചിലത് ഖുർആന്റെ വിധികൾക്ക് കടക വിരുദ്ധമാണ്. ചിലതിൽ ഖുർആന്റെ വ്യക്തമായ വിധികൾ പാടെ വിസ്മരിച്ചുകളഞ്ഞിരിക്കുന്നു. അതുമൂലം ഇസ്‌ലാമിനും മുസ്‌ലിം സമുദായത്തിനും ദുഷ്പേര് വന്നുചേരുകയും ചെയ്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ പറയാം:

1. പിതാവ് ജീവിച്ചിരിക്കുമ്പോൾ പുത്രൻ മരിച്ചാൽ പൗത്രന് ആ പിതാമഹന്റെ സ്വത്തിൽ ഒരവകാശവുമില്ലെന്ന് ഇന്നത്തെ ശരീഅത്ത് നിയമം അനുശാസിക്കുന്നു. ഖുർആൻ ഇതംഗീകരിക്കുന്നില്ല. ധനമുള്ളവൻ മരിക്കും മുമ്പ് 'മാതാപിതാക്കൾക്കും അടുത്ത കുടുംബങ്ങൾക്കും വേണ്ടി വസിയ്യത്ത് ചെയ്തിരിക്കേണ്ടതാണ്, അത് നിർബന്ധമാണ്' എന്നാണ് ഖുർആൻ (2:180) കൽപിച്ചിരിക്കുന്നത്. ഇത്തരം പ്രശ്നങ്ങളുടെ നിവാരണ മാർഗമായിക്കൊണ്ടാണ് ഖുർആന്റെ ആ കൽപന നിലകൊള്ളുന്നത്. ചിലപ്പോൾ മാതാപിതാക്കൾക്ക് അനന്തരാവകാശത്തിൽ നിശ്ചയിച്ച വിഹിതം മതിയാകുകയില്ല. മാറാവ്യാധിയോ കഠിന രോഗമോ പിടിപെട്ടു കിടക്കുന്നുണ്ടായിരിക്കാം. അല്ലെങ്കിൽ അന്ന് ജനിച്ച ഒരു ശിശുവിന്റെ വിദ്യാഭ്യാസത്തിന് നിശ്ചിത വിഹിതം മതിയാകുകയില്ല. അങ്ങനെ പലതും. അതുകൊണ്ടാണ് അനന്തരാവകാശ വിഹിതത്തിനു പുറമെ, 'അടുത്ത കുടുംബങ്ങൾക്കുവേണ്ടി' ഒരു വസിയ്യത്ത് കൂടി ഖുർആൻ നിർബന്ധമാക്കിവെച്ചത്. പക്ഷേ, നമ്മുടെ പണ്ഡിതന്മാർ ആ വിധിയെ ദുർബലപ്പെടുത്തിക്കളഞ്ഞു. അഥവാ ഖുർആനിൽ കൈകടത്തി ഇസ്‌ലാമിന് ദുഷ്പേര് വരുത്തിവെച്ചു.

2. ഇപ്രകാരംതന്നെ, മരിച്ചവന്റെ സ്വത്ത് പങ്കിടുമ്പോൾ 'അടുത്ത കുടുംബങ്ങൾക്കും അവശ വിഭാഗങ്ങൾക്കും അതിൽനിന്നൊരു ഭാഗം കൊടുക്കണ'മെന്നും ഖുർആൻ (4:8) കൽപിച്ചിട്ടുണ്ട്. മേൽപറഞ്ഞ പൗത്രന്മാരെയും മറ്റും പരിരക്ഷിക്കാനാണ് അതും ചെയ്തിരിക്കുന്നത്. ഇതും നമ്മുടെ മതപണ്ഡിതന്മാർ പറ്റേ വിസ്മരിച്ചുകളഞ്ഞു. അങ്ങനെയൊരു വിധി ഖുർആനിൽ ഉള്ളതായി അവർക്കറിവേയില്ല. ഇവിടത്തെ ശരീഅത്ത് നിയമത്തിൽ ഇത് ഉൾപ്പെടുത്തേണ്ട കാര്യത്തിൽ ഖുർആന്റെ അനുയായികൾക്ക് ഒരിക്കലും എതിരഭിപ്രായമുണ്ടാകാൻ പാടില്ല.

3. എനിക്കവളെ വേണ്ട, ഞാനവളെ ഭാര്യയായി ഇനി സ്വീകരിക്കുകയേയില്ലാ എന്ന് പ്രഖ്യാപിച്ചിട്ട് എത്രയെത്ര സ്ത്രീകളെയാണ് കൊല്ലങ്ങളോളം– ചിലപ്പോൾ ജീവിതകാലമത്രയും– പുരുഷന്മാർ കണ്ണീരിൽ മുക്കിയിട്ടുള്ളത്. എന്നാൽ ഇത്തരം പുരുഷന്മാർക്ക് ഒരു ഖണ്ഡിത തീരുമാനമെടുക്കാൻ നാലു മാസത്തെ അവധിയാണ് ഖുർആൻ (2:226) നൽകിയിരിക്കുന്നത്. അതിനുള്ളിൽ ബന്ധം പുനഃസ്ഥാപിക്കണം, അല്ലെങ്കിൽ വിട്ടയക്കണം. വിട്ടയക്കുന്ന പക്ഷം അവർക്ക് എന്തു ഉദ്ദേശ്യമാണുള്ളതെന്ന് അല്ലാഹു ശ്രദ്ധിക്കുമെന്ന് താക്കീത് നൽകുക കൂടി ചെയ്തിട്ടുണ്ട്. ഇത് ഇന്നത്തെ ശരീഅത്ത് നിയമത്തിലുണ്ടോ? പട്ടാളത്തിൽ പോകുന്നവർക്ക് നാലു മാസത്തിലൊരിക്കൽ കുടുംബത്തിൽ പോകാൻ ലീവ് അനുവദിക്കണമെന്ന് രണ്ടാം ഖലീഫ ഹസ്രത്ത് ഉമർ നിയമമുണ്ടാക്കിയത് ഈ ഖുർആൻ കൽപനയുടെ വെളിച്ചത്തിലാണ്.

4. ഭാര്യാ ഭർത്താക്കൾക്കിടയിൽ പിളർപ്പുണ്ടായി ബന്ധം അലങ്കോലപ്പെടുമെന്ന് ഭയപ്പെടുന്ന പക്ഷം ഒരു മധ്യസ്ഥക്കോടതിയുടെ മുമ്പിൽ ആ പ്രശ്നം വെക്കണം; ആ കോടതിയിലെ ജഡ്ജിമാർ രണ്ട് കുടുംബത്തിന്റെയും പ്രതിനിധികളായിരിക്കണം; അവർ കൽപിക്കുന്ന തീരുമാനമനുസരിച്ചായിരിക്കണം ബന്ധം വിടുത്തുകയോ നിലനിർത്തുകയോ ചെയ്യുന്നത് എന്ന് ഖുർആൻ (4:35) കൽപിക്കുന്നു. ഇങ്ങനെയല്ലാതെ, ഇഷ്ടമുള്ളവന് തോന്നുമ്പോൾ ഒരു സ്ത്രീയുമായുള്ള ബന്ധം വിടുത്താൻ ഖുർആൻ അനുമതിയും അധികാരവും നൽകുന്നേയില്ല. ഇത് ഇന്നത്തെ ശരീഅത്ത് നിയമത്തിലുണ്ടോ?

5. വിവാഹമുക്തയായ സ്ത്രീയുടെ ഇദ്ദ കഴിയും വരെക്കും, വിവാഹമോചനം നൽകിയ ഭർത്താവിന്റെ വീട്ടിൽതന്നെ അവളെ താമസിപ്പിക്കുകയും അവൾക്ക് ആഹാരവും വസ്ത്രവും നൽകുകയും മാന്യമായ നിലയിൽ പെരുമാറുകയും ചെയ്യണമെന്ന് ഖുർആൻ (65:6) കർശനമായി ആജ്ഞാപിക്കുന്നു. ഇങ്ങനെയൊരു വിധി ഖുർആനിലുള്ളതായി നമ്മുടെ മതപണ്ഡിതന്മാർക്ക് പോലും അറിവില്ല. ശരീഅത്ത് നിയമത്തിലുമില്ല.

6. വിവാഹമുക്തയായ സ്ത്രീയുമായി വിവാഹബന്ധം പുനഃസ്ഥാപിക്കാൻ ഖുർആൻ അനുമതി നൽകിയിട്ടുണ്ട്. പക്ഷേ, സ്ത്രീയെ വീണ്ടും ഉപദ്രവിക്കാനാണ് അത് ചെയ്യുന്നതെങ്കിൽ അത് പാടില്ലെന്നും, തിരിച്ചെടുക്കുമ്പോൾ സ്ത്രീയുടെ ഹിതം കൂടി നോക്കണമെന്നും ഖുർആൻ (2: 228, 231) കൽപിക്കുന്നു. ശരീഅത്ത് നിയമത്തിൽ ഈ വ്യവസ്ഥയുണ്ടോ?

7. വിവാഹബന്ധത്തിൽ ഏർപ്പെടും മുമ്പ് ഇവർ തമ്മിൽ ശരിക്ക് ഇണങ്ങിപ്പോകുമോ എന്ന് സൂക്ഷ്മ പരിശോധന നടത്താൻ ഖുർആൻ കൽപിക്കുന്നു. എന്നിട്ടുകൂടി ഇണങ്ങിപ്പോവുക സാധ്യമല്ലെന്ന് വന്നു എന്ന് വെക്കുക. അപ്പോഴാണ് കോടതിയിൽ പോകേണ്ടത്. അങ്ങനെ ബന്ധം വിടുത്തിയ ശേഷം അവർക്ക് മനഃപരിവർത്തനവും സന്മനസ്സും ഉണ്ടായാൽ ബന്ധം പുനഃസ്ഥാപിക്കാം. അങ്ങനെ ബന്ധം വിടുത്താനും പുനഃസ്ഥാപിക്കാനും ഖുർആൻ (2:229) മൂന്ന് ചാൻസ് നൽകിയിട്ടുണ്ട്. ഇത് ഇന്നത്തെ ശരീഅത്ത് നിയമത്തിലുണ്ടോ? ഇന്നത്തെ ശരീഅത്ത് നിയമത്തെ എതിർക്കുകയും അനുകൂലിക്കുകയും ചെയ്യുന്നവർ ഇതെല്ലാം ഒന്ന് പരിശോധിക്കേണ്ടതാണ്.

## മുസ്‌ലിം ന്യൂനപക്ഷത്തിനുള്ള ഉത്തമ രക്ഷാമാർഗം

ഞങ്ങളുടെ ചില പ്രത്യേക താൽപര്യങ്ങളുണ്ട്, അതിന് ആരും ഹാനിവരുത്തരുത് എന്ന ഭാവത്തിൽ എന്തോ ഒന്ന് മൂടിപ്പൊതിഞ്ഞ് കുപ്പായത്തിനുള്ളിലാക്കിക്കൊണ്ട് നടക്കുന്ന ഒരു പതിവാണ് ഇന്ന് മുസ്‌ലിംകൾക്കുള്ളത്. ന്യൂനപക്ഷ പ്രശ്നമാണ് ഞാനുദ്ദേശിക്കുന്നത്. ഞാൻ ഗ്രഹിച്ചേടത്തോളം പ്രയോജനരഹിതമായ ഒരു സമ്പ്രദായമാണിത്. 'നിന്നോട് കൽപിച്ചത് തുറന്ന് പ്രഖ്യാപിച്ചുകൊള്ളുക' എന്നാണ് ഖുർആൻ (15:94) ആദ്യമായി കൽപിച്ചത്. പിന്നീട് ഖുർആൻ (4:63) കൽപിച്ചു: 'ജനഹൃദയങ്ങളുടെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെല്ലുന്ന വിധമായിരിക്കണം നിന്റെ ഉദ്ബോധനങ്ങൾ.' ഈ രണ്ട് കൽപനകളും നാം ശ്രദ്ധിക്കുന്നേയില്ല. എന്നിട്ട് നാലുപാടും രക്ഷക്കായി ഓടുകയാണ് നാം ചെയ്യുന്നത്. ഒരുദാഹരണം പറയട്ടെ:

ഇന്ന് മനുഷ്യരാശിയെ ആകമാനം കരണ്ടുതിന്ന് തോടാക്കിവിട്ടുകൊണ്ടിരിക്കുന്നത് പലിശ വ്യാപാരികളാണ്. അത് ഗ്രഹിക്കാൻ വലിയ പ്രയാസമൊന്നുമില്ല. ഇന്ന് ഇന്ത്യയിലെ വ്യാപാരികൾക്കും വ്യവസായികൾക്കും പണം കടം കൊടുക്കുന്നതാരാണ്? സിന്ധികളും മാർവാടികളും. അവർ ഈടാക്കുന്ന പലിശയോ, ഏതാണ്ട് 45 ശതമാനവും. ഒരു ലക്ഷം കടം വാങ്ങുമ്പോൾ പതിനായിരം രൂപ പലിശയായി മുൻകൂർതന്നെ എടുത്ത് മാറ്റിവെച്ചിട്ട് തൊണ്ണൂറായിരം രൂപ മാത്രമേ വ്യാപാരിക്ക് കൊടുക്കുകയുള്ളൂ. അതിൽനിന്നുതന്നെ ദാനധർമ ഫണ്ടിലേക്ക് വേറൊരു സംഖ്യയും. കഴിച്ച് ബാക്കിയുള്ള സംഖ്യ 24 മണിക്കൂറിനുള്ളിൽതന്നെ തിരിച്ചടക്കാൻ തുടങ്ങണം. അങ്ങനെ 100 ദിവസം കൊണ്ട് മുഴുവൻ സംഖ്യയും അടച്ചുതീർക്കണം. അതിനുള്ള റിക്കാർഡുകളൊക്കെ ഒപ്പിടുവിച്ച് വെച്ചിട്ടുമുണ്ട്. അപ്പോൾ ഒരു കൊല്ലത്തേക്ക് പലിശയുടെ ശതമാനം എത്രയായെന്ന് ഒന്ന് കണക്കുകൂട്ടിനോക്കുക. 45 ശതമാനത്തിൽ കുറയുകയില്ല. ഇതും കൊണ്ടാണ് മില്ലുടമസ്ഥൻ ഉൽപാദനമാരംഭിക്കുന്നത്. മില്ലുടമസ്ഥൻ വാങ്ങിയ കടത്തിന്റെ പലിശയാണത്. അപ്പോൾ ഒരു രൂപ വില വരുന്ന സാധനം 1.45–ന്നേ അവന് വിൽക്കാൻ കഴിയുകയുള്ളൂ. മില്ലുടമസ്ഥനോട് വാങ്ങുന്നത് വിതരണ ഏജൻസി. അവൻ അത് വാങ്ങാനും ഇതേ കക്ഷികളോട് ഇതേ നിരക്കിൽ പണം കടം വാങ്ങണം. അപ്പോൾ ഒരുറുപ്പിക വിലയുള്ളത് 1.90–ന് അവൻ വിൽക്കണം. 10 ശതമാനമെങ്കിലും ഇവന്റെ ആദായവും. അപ്പോൾ വില 2 രൂപ. ഇനി മൊത്തക്കച്ചവടക്കാരൻ അത് വാങ്ങണമെങ്കിൽ അവനും വാങ്ങണം ഇതേ കൂട്ടരോട് കടം. വില 2.45 ആയി. ഒരു 10 ശതമാനം ആദായവും. വില 2.55 ആയി. മൊത്തവ്യാപാരിയോട് വാങ്ങാൻ ചില്ലറ വ്യാപാരിക്ക് പണം വേണം. അവനും ഇതേ തോതിൽ കടം വാങ്ങി. അവനും 45 ശതമാനം പലിശയും പത്ത് ശതമാനം ലാഭവുമീടാക്കി. അവസാനം ഒരുറുപ്പികയുടെ സാധനത്തിന് 3.10 ആയി വില. നമ്മുടെ നാട്ടിലെ ദരിദ്ര ജനവിഭാഗങ്ങളുടെ നട്ടെല്ലൊടിക്കാൻ ഇനി വല്ലതും വേണോ? ഈ വ്യവസ്ഥ നിലനിൽക്കുന്ന കാലത്തോളം ആരെന്ത് ശ്രമിച്ചാലും ഈ നാട് ദാരിദ്ര്യത്തിലേക്കാണ്ടുപോവുകയല്ലാതെ മറ്റു വല്ല മോചനമാർഗവുമുണ്ടോ? ഒന്നുമില്ല. അപ്പോൾ ഇത്തരം രംഗങ്ങളിൽ മുസ്‌ലിംകൾ അവരുടെ മതത്തിന്റെ മഹോന്നത സിദ്ധാന്തങ്ങൾ പൊക്കിക്കാണിക്കുകയും അത് പ്രചരിപ്പിച്ച് ജനങ്ങളെ ആകർഷിക്കുകയും ചെയ്യേണ്ടതാണ്. അപ്പോൾ ജാതി–മത വ്യത്യാസങ്ങൾ വിസ്മരിച്ച് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്ര ജനവിഭാഗങ്ങളെ പിന്നിൽ അണിനിരത്താൻ മുസ്‌ലിംകൾക്ക് കഴിയും. പക്ഷേ ഭാഷ, മിഷനറിയുടെ അഥവാ മതപ്രചാരകന്റെ ഭാഷയാവരുത്. സാമ്പത്തിക ശാസ്ത്രജ്ഞന്റെ ഭാഷയായിരിക്കണം. അത് പ്രത്യേകം ശ്രദ്ധിക്കണം. അതിന്റെ രീതി ചുരുക്കത്തിൽ ഇവിടെ ചൂണ്ടിക്കാണിക്കാം:

ഭൂമിയിലുള്ള സമ്പത്ത് മുഴുവനും മനുഷ്യരുടെ വളർച്ചക്ക് വേണ്ടി സൃഷ്ടിച്ചതാണെന്ന് ഖുർആൻ (2:29) പ്രഖ്യാപിക്കുന്നു. ആ സമ്പത്ത് കരസ്ഥമാക്കുന്നതിൽ 'മനുഷ്യരെല്ലാവരും തുല്യ അവകാശികളാണെ'ന്ന് വ്യക്തമായ ഭാഷയിൽ ഖുർആൻ (16:71) പ്രഖ്യാപിക്കുകയും ചെയ്യുന്നു. അങ്ങനെ കരസ്ഥമാക്കിക്കഴിഞ്ഞ ധനം സ്വന്തം ചെലവ് കഴിച്ച് ബാക്കിയുണ്ടെങ്കിൽ സമൂഹത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കേണ്ടതാ

ണെന്ന് ഖുർആൻ (2:219) അനുശാസിക്കുന്നു. ഈ സിദ്ധാന്തം വിജയിപ്പിക്കാനാണ് ഇസ്‌ലാംമതം നിലകൊള്ളുന്നതെന്ന് അവരെ ബോധ്യപ്പെടുത്തണം.

ഇന്ത്യ ഒരു പ്രജായത്ത രാഷ്ട്രമാണല്ലോ. ഈ രാഷ്ട്രത്തിലെ ജനത ഒരു തത്ത്വം അംഗീകരിച്ചു കഴിഞ്ഞാൽ അതുതന്നെയാണ് ഇവിടത്തെ നിയമം. അസംബ്ലി-പാർലമെന്റ് മെമ്പർമാരെ പ്രത്യേകിച്ചും ഈ സിദ്ധാന്തം നന്നായി ധരിപ്പിക്കണം. അവർ മുഖേന പാർലമെന്റിൽ ബില്ല് അവതരിപ്പിക്കണം. അതിൽ ചില വ്യവസ്ഥകളെല്ലാം നിശ്ചയിക്കണം. ഉദാഹരണം: ഒരു വ്യക്തിയും ഇന്നതിൽ കവിഞ്ഞ സംഖ്യ ഒരിക്കലും കൈവശംവെക്കാൻ പാടില്ല. ബാങ്കിലിടുകതന്നെ വേണം. ഒരാളും ഇന്നതിൽകവിഞ്ഞ സ്വർണം അല്ലെങ്കിൽ വെള്ളി ആഭരണമായുപയോഗിക്കാൻ പാടില്ല എന്നെല്ലാം ഒരു വശത്ത് കൽപിക്കുക, മറുവശത്ത് പലിശയില്ലാതെ കടം കൊടുക്കാനും വസൂൽ ചെയ്യാനും മാത്രമായിക്കൊണ്ട് ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റ് തുറക്കുക. കടം വാങ്ങുന്നവരോട് ഭദ്രമായ ഉറപ്പുകൾ വാങ്ങുക. അവധി തെറ്റിച്ചാൽ കർശന നടപടികളെടുക്കുക. കേസ് കൈകാര്യം ചെയ്യേണ്ടിവന്നാൽ ചില ആഴ്ചകൾക്കപ്പുറം പോകാൻ പാടില്ലെന്ന് വെക്കുക. നിയമപ്രശ്നമില്ലെങ്കിൽ വക്കീലിനെ വിളിക്കാൻ പാടില്ലെന്ന് നിശ്ചയിക്കുക. ഇങ്ങനെ ഒരു വ്യവസ്ഥ ഇന്ത്യയിൽ കൊണ്ടുവരേണ്ടതാണെന്ന് വാദിച്ചുകൊണ്ട് മുസ്‌ലിം സമൂഹം മുന്നിട്ടിറങ്ങിയാൽ ഈ നാട്ടിലെ ഭൂരിപക്ഷം അവരുടെ പിന്നിലുണ്ടാവുമെന്നതിൽ നമുക്ക് യാതൊരു സംശയവുമില്ല. അങ്ങനെയാണ് ഇസ്‌ലാമിക സിദ്ധാന്തങ്ങൾ ലോകത്ത് വിജയിപ്പിക്കുകയും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും മതിപ്പ് നേടിക്കൊടുക്കുകയും ചെയ്യേണ്ടത്. എന്റെ സ്വപ്നം ശരിയാണെങ്കിൽ, അടുത്തകാലത്ത് ഇസ്‌ലാംമത സിദ്ധാന്തങ്ങൾ യൂറോപ്പിലും ഏഷ്യയിലും പ്രചരിപ്പിക്കാൻ മുമ്പോട്ടിറങ്ങിവരിക, യൂറോപ്പിലെയും അമേരിക്കയിലെയും ചിന്തകന്മാരും ശാസ്ത്രജ്ഞന്മാരുമായിരിക്കും.

## യുക്തിയുടെയും ന്യായത്തിന്റെയും മതം

ഇസ്‌ലാം യുക്തിയുടെയും ന്യായത്തിന്റെയും മതമാണ്. അത് പ്രചരിപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്യേണ്ടതും അങ്ങനെത്തന്നെയായിരിക്കണം. ഉദാഹരണം:

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണം ഏകദൈവ സിദ്ധാന്തമാണല്ലോ. അതെന്തിന് കൽപിച്ചുവെന്ന് ഇന്നത്തെ യുഗത്തിലുള്ള മനുഷ്യരെ ധരിപ്പിക്കുന്ന പക്ഷം എതിർക്കാൻ അധികമാളുകളുണ്ടാവുമെന്ന് എനിക്ക് തോന്നുന്നില്ല. മനുഷ്യൻ മനുഷ്യനടിമപ്പെട്ട് ജീവിച്ചാൽ, സൃഷ്ടി സൃഷ്ടിയെ ദൈവമാക്കിവെച്ച് പൂജിച്ചാൽ എല്ലാ തുറകളിലും അധഃപതനമല്ലാതെ ഒരു കാലത്തും അവൻ പുരോഗമിക്കുകയില്ല. ഏതു ബുദ്ധിജീവിയെയും ഇത് മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല. കാര്യകാരണ സഹിതം ഒന്ന് വിശദീകരിച്ച് കൊടുക്കണമെന്നേയുള്ളൂ. കുറച്ചുകാലം പിടിക്കുമെന്ന് മാത്രം. പണ്ടു പണ്ടേ ശീലിച്ചുവന്നതല്ലേ.

ഇപ്രകാരം തന്നെ നമുക്ക് യുക്തിവാദികളെയും ശാസ്ത്രജ്ഞരെയും കാണുമ്പോൾ ഒളിച്ചോടേണ്ട യാതൊരു ആവശ്യവുമില്ല. യുക്തികൊണ്ടും ന്യായംകൊണ്ടും സ്ഥാപിക്കാൻ കഴിയാത്തതൊന്നും തന്നെ ഇസ്‌ലാമിലില്ല. ഇനി അങ്ങനെയല്ല, മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയാത്ത വല്ലതും ഇസ്‌ലാമിലുണ്ടെന്ന് വെക്കുക. അവിടെ യുക്തിവാദിക്കും ശാസ്ത്രജ്ഞനും രക്ഷപ്പെട്ടുപോകാൻ ഒരിക്കലും കഴിയുകയില്ല. മെഡിക്കൽ സയൻസ് യുക്തിയുടെ അടിസ്ഥാനത്തിൽ നിലകൊള്ളുന്നതല്ലെന്ന് വല്ല ശാസ്ത്രജ്ഞനും സമ്മതിക്കുമോ? ഒരിക്കലുമില്ല. എന്നാൽ മനുഷ്യശരീരത്തിൽ ചില അവയവങ്ങളുണ്ട്. അവ എന്തിനു വേണ്ടി നിലകൊള്ളുന്നുവെന്ന് മെഡിക്കൽ സയൻസിന് ഇന്നുവരെയും വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. രോഗങ്ങളുടെ കാര്യം പറയേണ്ടതുമില്ല. എത്രയോ രോഗങ്ങളുണ്ട്: അവയുടെ കാരണമെന്തെന്ന് ഇന്നുവരെയും അവർക്ക് പറയാൻ കഴിയുന്നില്ല. അതുമിരിക്കട്ടെ, ഈ പ്രപഞ്ചം എവിടെച്ചെന്നവസാനിക്കുന്നു? ഇതിൽ എന്തൊക്കെ നിലകൊള്ളുന്നു എന്നെല്ലാം ഇന്നത്തെ ശാസ്ത്രത്തിന് പറയാൻ കഴിയുമോ? ഒരിക്കലുമില്ല. ഇങ്ങനെയെല്ലാമാണെങ്കിൽ, സർവജ്ഞനായ ദൈവത്തിന്റെ കൽപനകളിൽ അൽപജ്ഞനായ മനുഷ്യന് ഗ്രഹിക്കാൻ കഴിയാത്ത വല്ലതുമുണ്ടെങ്കിൽ വിമർശിച്ചു പൊങ്ങച്ചം കാണിക്കാൻ ആർക്കും ന്യായവും അവകാശവുമില്ലതന്നെ.

ഇസ്‌ലാം യുക്തിയെയും ന്യായത്തെയും ആദരിക്കുന്ന മതമാണെന്ന് പറഞ്ഞല്ലോ. അതിന് മറ്റു ചില ദൃഷ്ടാന്തങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാം:

മനുഷ്യന്റെ ജീവൻ വളരെ വിലപിടിച്ചതാണ്. അത് നശിച്ചുപോകുമെന്ന് ഭയപ്പെടുന്ന ഘട്ടമെത്തിയാൽ, സാധാരണഗതിയിൽ നിഷിദ്ധമാക്കിയത് അനുവദനീയമാണ്. ഉദാഹരണം: ആ ഘട്ടത്തിൽ പന്നിമാംസവും മദ്യവുമെല്ലാം കഴിക്കാം (ഖുർആൻ 2:173). തങ്ങൾ ചില ദേശങ്ങളിൽ യാത്ര ചെയ്യുമ്പോൾ അവിടത്തുകാർ സൽക്കരിക്കുകയില്ല; ആഹാരം വിലയ്ക്ക് വാങ്ങാൻ കിട്ടുകയുമില്ല. ആ ഘട്ടത്തിൽ എന്തു ചെയ്യണമെന്ന് അനുചരന്മാർ നബിയോട് ചോദിച്ചു: നിങ്ങൾ ബലമായി പിടിച്ചെടുത്ത് തിന്നുകൊള്ളണമെന്നായിരുന്നു നബിയുടെ കൽപന. ഒരിക്കൽ നബി തന്നെ അങ്ങനെ വെള്ളം പിടിച്ചെടുത്തിട്ടുമുണ്ട്. ഒരു സ്ത്രീയുടെ പക്കൽനിന്ന്. പക്ഷേ എന്തൊക്കെയോ കൊടുത്ത് അവളെ സന്തോഷിപ്പിച്ചയച്ചുവെന്നു മാത്രം. ഇങ്ങനെ വന്നാൽ അങ്ങനെ ചെയ്യാമെന്ന് അഹ്മദുബ്നു ഹമ്പൽ, ഇബ്നു ഹസം, ഇബ്നുൽ ഖയ്യിം മുതലായവർ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഒരിക്കൽ ഉമറിന്റെ ഭരണകാലത്ത് ഒരു വലിയ ക്ഷാമമുണ്ടായി. ഒരു കളവ് കേസിലെ പ്രതികളെ ഹാജരാക്കി. അവർ കട്ടുതിന്നുകളഞ്ഞു എന്നായിരുന്നു കേസ്. ക്ഷാമകാലമായതുകൊണ്ട് ഗത്യന്തരമില്ലാതെ ചെയ്തതാവാമെന്ന് പറഞ്ഞ് ഉമർ പ്രതികളെ വിട്ടയച്ചു (ഇഅ്‌ലാമുൽ മൂക്കിഈൻ 3:22). ഒരിക്കൽ ഒരാൾ കുറ്റം ചെയ്തു. നബി മൂന്നുതരം പ്രായശ്ചിത്തം കൽപിച്ചു. ഒന്നിനും കഴിവില്ലെന്ന് പറഞ്ഞപ്പോൾ വിഷമിച്ചു. കുറ്റക്കാരനോട് അവിടെയിരിക്കാൻ പറഞ്ഞു. കുറേ കഴിഞ്ഞപ്പോൾ നബിക്ക് ആരോ അൽപം ഈത്തപ്പഴം കൊണ്ടുവന്നുകൊടുത്തു. കുറ്റവാളിയെ വിളിച്ച് ഇതുകൊണ്ടുപോയി ഏറ്റവും ദരിദ്രന്മാർക്ക് കൊടുക്കുക എന്ന് തിരുമേനി അരുളി. മദീനയിൽ ഞങ്ങളേക്കാൾ ദരിദ്രരായ ഒരു കുടുംബമില്ലെന്നായിരുന്നു അയാളുടെ മറുപടി. അതുകൊണ്ട് കുറ്റവാളിയോട് തന്നെ കഴിച്ചുകൊള്ളാൻ നബി കൽപിച്ചു. യുക്തിയും ന്യായവും അംഗീകരിച്ചുവെന്നർഥം. ഒരിക്കൽ റമദാൻ മാസത്തിൽ ഒരാവശ്യാർഥം യാത്ര പോകേണ്ടിവന്നു. മിക്കവരും നോമ്പ് മുറിച്ചു. അമിത ഭക്തനായ ഒരാൾ നോമ്പ് മുറിച്ചില്ല. നബി അതറിഞ്ഞതുമില്ല. കുറേ കഴിഞ്ഞപ്പോഴതാ ഒരാൾക്കൂട്ടം. അന്വേഷിച്ചപ്പോൾ അയാൾ ക്ഷീണം ബാധിച്ച് അവശനായി വീണിരിക്കുകയാണ്. തുണികൊണ്ട് വെയിൽ മറച്ചിട്ടുമുണ്ട്. അത് കണ്ടപ്പോൾ തിരുമേനി അരുളി: 'ഇന്ന് നോമ്പ് മുറിച്ചവരാണ് ദൈവത്തിങ്കൽനിന്ന് പുണ്യം നേടിക്കൊണ്ട് പോയത്.' അവർക്കേ യാത്രയുടെ ലക്ഷ്യം പ്രാപിക്കാൻ കഴിഞ്ഞുള്ളൂ. അത്രയും പ്രധാനമായിരുന്നു ആ യാത്രയുടെ ലക്ഷ്യം എന്നർഥം. ഇതാണ് ഇസ്‌ലാമിന്റെ പൊതുവിലുള്ള നിലപാട്. അന്ധമായി എന്തിനെയെങ്കിലും അനുകരിക്കുന്ന സ്വഭാവം ഇസ്‌ലാമിനില്ല. ഇതെപ്പോഴും നാം ഓർക്കേണ്ടതാണ്. ■